## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5534 | | | 27.03.2018-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **കോഴിക്കോട് ജില്ലയിൽ സമഗ്രമാലിന്യമുക്ത പദ്ധതി** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.കെ.ദാസൻ** | | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | കോഴിക്കോട് ജില്ലയിൽ സമഗ്രമാലിന്യമുക്ത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര പദ്ധതികൾ/ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാദേശിക എതിർപ്പുകൾ മൂലം മുടങ്ങിക്കിടക്കുന്നുണ്ട്; | (എ) | കോഴിക്കോട് ജില്ലയിൽ സമഗ്രമാലിന്യമുക്ത പദ്ധതിയുമായി ബന്ധപ്പെട്ട് 14 പദ്ധതികൾ പ്രാദേശിക എതിർപ്പുകൾ മൂലം മുടങ്ങിക്കിടക്കുന്നുണ്ട്. |
| (ബി) | ജനങ്ങളെ ബോധവൽക്കരിച്ച് എതിർപ്പുകൾ പരിഹരിക്കാനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ? | (ബി) | ജനങ്ങളെ ബോധവത്ക്കരിച്ച് എതിർപ്പുകൾ പരിഹരിക്കുന്നതിനായി താഴെപറയുന്ന പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.<br>ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, പ്രദേശവാസികളുടെ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ എന്നിവരുടെ യോഗം ചേർന്ന് പദ്ധതി ലക്ഷ്യങ്ങൾ, നിർവ്വഹണ രീതി, പ്രവർത്തനരീതി എന്നിവ വിശദീകരിച്ചുവരുന്നു. ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മറ്റ് പ്രധാനികൾക്ക് ഇത്തരം പ്രോജക്ടുകൾ മാതൃകാപരമായി നടക്കുന്ന സ്ഥലങ്ങളിലേക്ക് എക്സ്പോഷർ വിസിറ്റ്, വിപുലമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവ നടത്തി മാതൃകയായി നടത്തിവരുന്ന സമാന പ്രോജക്ടുകൾ സംബന്ധിച്ച ധാരണ സൃഷ്ടിക്കുവാനും ജനങ്ങളുടെ ആശങ്ക ദൂരികരിക്കുവാനും ശ്രമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ